മി. സ്പീക്കർ: നേരത്തെ ശ്രീ. എ. എൻ. ഷംസീർ ഒരു ക്രമപ്രശ്നം ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുമായി ബന്ധപ്പെട്ട കാര്യമാണ്. ഇരുഭാഗത്തുനിന്നുമുള്ള അംഗങ്ങൾ അക്കാര്യത്തിൽ അഭിപ്രായം പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആ സമയത്ത് സഭയിൽ ഇല്ലാത്തതുകൊണ്ടാണ് അപ്പോൾ റൂളിംഗ് നൽകാതിരുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നടത്തുമ്പോൾ ആ റൂളിംഗിന് എതിരായി ഒരു നടപടിയും ഞാൻ പറഞ്ഞിട്ടില്ല. ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർക്കെതിരായി, ഈ സംഭവം ഒരു നാടകമായിരുന്നു, ഇത് ഒഴിവാക്കിക്കിട്ടാനുള്ള സംഭവമായിരുന്നു, അതിൽ ബഹുമാനപ്പെട്ട സ്പീക്കർകൂടി പങ്കുചേർന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഇതിനുമുമ്പ് ഈ സഭയിൽ ധാരാളം പ്രാവശ്യം ഇങ്ങനെയുള്ള സംഭവങ്ങളുണ്ടായിട്ടുണ്ട്. 2015-ൽത്തന്നെ.... അതിനുമുമ്പ് ശ്രീ. വക്കം പുരുഷോത്തമൻ സ്പീക്കറായിരുന്ന സമയത്ത് ശ്രീ. വി. എസ്. അച്യുതാനന്ദൻ ബഹുമാനപ്പെട്ട സ്പീക്കറെ സംബന്ധിച്ച് ഇതിനേക്കാൾ കഠിനമായ ഭാഷയിൽ സംസാരിച്ചു. മന്ത്രിയാകാനാണ് സ്പീക്കർ വക്കം

പുരുഷോത്തമന്റെ ശ്രമം, അങ്ങനെ തുട്ടടിക്കാമോ എന്നാണ് അദ്ദേഹം നോക്കുന്നത് എന്നൊരു പരാമർശമാണ് പ്രതിപക്ഷനേതാവായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ നടത്തിയത്. സ്പീക്കർ ജി. കാർത്തികേയൻ ഭരണപക്ഷത്തിന് കുടപിടിക്കുന്നു എന്നായിരുന്നു ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മറ്റൊരു പരാമർശം. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭീഷണിക്ക് സ്പീക്കർ വഴങ്ങുന്നുവെന്ന് പ്രതിപക്ഷനേതാവ്. സഭയിൽ പ്രതിപക്ഷം നൽകിയ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിനെത്തുടർന്ന് പ്രതിപക്ഷം അന്ന് സ്പീക്കറുടെ ഓഫീസ് ഉപരോധിക്കുകയും ചെയ്തു. 2015 ജൂണിൽ നിയമസഭയിൽ ബഹുമാനപ്പെട്ട സ്പീക്കർക്കെതിരായി പ്രതിപക്ഷ ബഹളം. ബാർ കോഴക്കേസിൽ സ്പീക്കറുടെ മറുപടിക്കെതിരായിട്ടാണ് പ്രതിപക്ഷ ബഹളം. സ്പീക്കറുടെ നടപടിയെ പ്രതിപക്ഷം പലപ്രാവശ്യം വിമർശിച്ചിട്ടുണ്ട്. പക്ഷേ ഈ പറയുന്ന വളരെ രൂക്ഷമായ ഭാഷയൊന്നും ഉപയോഗിക്കാതെ വളരെ സൗമ്യമായ ഭാഷയിലാണ് ഞാൻ അതിനോടുള്ള പ്രതിഷേധം രേഖപ്പെടുത്തിയത്. പ്രതിപക്ഷനേതാവെന്നുള്ള നിലയിൽ ഞങ്ങൾക്കൊരു നീതിപൂർവ്വമായ തീരുമാനം കിട്ടിയിട്ടില്ല എന്നുള്ള ഞങ്ങളുടെ പ്രതിഷേധം പ്രകടിപ്പിക്കാൻ വേണ്ടിയാണ് ആ വാക്കുകൾ

ഉപയോഗിച്ചത്. എപ്പോഴും ഇത്തരം വാക്കുകൾ, പ്രത്യേകിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ നടപടിയുമായി ബന്ധപ്പെട്ട് പറയുമ്പോൾ സൗമ്യവും സഭ്യവും മര്യാദ നിറഞ്ഞതുമായ ഭാഷയിലാണ് സംസാരിക്കാറുള്ളത്. 2015 മാർച്ച് 13-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ കസേരയടക്കം തള്ളിയിട്ട ആളുകളാണ് ഞാൻ സ്പീക്കറെ കുറിച്ച് സൗമ്യമായി പറഞ്ഞൊരു പ്രതികരണത്തെക്കുറിച്ച് ഇവിടെ പറഞ്ഞത് എന്നുകൂടി ഞാൻ വിനയപുരസ്സരം ഓർമ്മിപ്പിക്കുകയാണ്. അതുകൊണ്ട് ഇവിടെ അവതരിപ്പിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. അങ്ങത് ഡിസ്പോസ് ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ചട്ടം പ്രതിപാദിച്ചുകൊണ്ട് ഒരു ക്രമപ്രശ്നം ഉന്നയിച്ചാൽ ഏതെങ്കിലും കാലത്ത് ചട്ടത്തിന് വിരുദ്ധമായി നടന്ന കാര്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് അതാണ് ചട്ടം എന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നത് പാർലമെന്ററി രീതിയല്ല. ഇവിടെ 254 (11), ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയോ വിമർശനം ചെയ്യുകയോ പാടുള്ളതല്ല എന്നതാണ്. കോടതിയിൽ പറഞ്ഞ് വിമർശിക്കാം. ജഡ്ജ്മെന്റിനെ വിമർശിക്കാം എന്നുള്ളതാണ്. ഈ ചട്ടം സഭയ്ക്ക്

വേണമെങ്കിൽ മാറ്റാം. പക്ഷേ ചട്ടം ഇങ്ങനെയാണ് നിൽക്കുന്നത്. ഏതെങ്കിലും കാലത്ത് ചട്ടലംഘനം നടന്നുവെന്നുള്ളത് ഇന്ന് ചട്ടം ലംഘിക്കുന്ന പ്രശ്നം ക്രമപ്രശ്നമായി ഉന്നയിക്കപ്പെടുമ്പോൾ അതിനെ ന്യായീകരിക്കാൻവേണ്ടി വാദിക്കുന്നത് ശരിയായ രീതിയല്ല. ഇവിടെ ചട്ടലംഘനം നടന്നിട്ടുണ്ട്. അത് ചിലപ്പോൾ സ്വാഭാവികമായും പറഞ്ഞുപോയപ്പോൾ വന്നതാണ്. ബോധപൂർവ്വമല്ല എന്നാണെങ്കിൽ അതിനെ ആ രീതിയിലാണ് നമ്മൾ അതിനെ കാണേണ്ടത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബോധത്തോടുകൂടിയാണ് പറഞ്ഞത്. സൗമ്യമായി ഞങ്ങളുടെ പ്രതികരണവും പ്രതിഷേധവും രജിസ്റ്റർ ചെയ്തതാണ്. അത് ചട്ടലംഘനമായി കണക്കാക്കിയാൽ ഒരു വിരോധവുമില്ല. ചട്ടലംഘനമായി കണക്കാക്കാം. പക്ഷേ അതിന്റെ പ്രീസിഡൻസ് ഇതാണ്. വളരെ മോശമായ ഭാഷയിൽ ബഹുമാനപ്പെട്ട സ്പീക്കറെ അധിക്ഷേപിച്ചിട്ടുള്ള പ്രീസിഡൻസാണുള്ളത്. വളരെ പ്രമുഖരായ നേതാക്കൾ ഇരുന്ന കസേരയിൽ അവർ സംസാരിച്ച ഭാഷയാണിത്. അതിനെ ശരിവയ്ക്കുന്നുണ്ടെങ്കിൽ ആയിക്കോട്ടെ.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച എല്ലാ കാര്യങ്ങളും പറഞ്ഞിട്ടുള്ളത് സഭയ്ക്ക് അകത്താണെന്നാണ് എന്റെ ധാരണ. ഇത് സഭയ്ക്ക് പുറത്ത് നടത്തിയ പ്രസ്താവനയാണ്. സഭയ്ക്ക് അകത്താകുമ്പോൾ സ്വാഭാവികമായും അംഗത്തിന് ഒരു പ്രിവിലേജുണ്ട്.

**റൂളിംഗ്**

മി. സ്പീക്കർ: ഇക്കാര്യത്തിൽ ഇവിടെ വളരെ വലിയ ചർച്ച നടന്നുകഴിഞ്ഞിട്ടുള്ളതിനാൽ വിശദമായ റൂളിംഗ് നൽകാൻ ഉദ്ദേശിക്കുന്നില്ല. പ്രസക്തമെന്ന് തോന്നുന്ന ഒരു കാര്യം മാത്രം ഓർമ്മിപ്പിക്കുകയാണ്. നമ്മൾ ഇതിനെല്ലാം ആധികാരികമായെടുക്കുന്നത് കൗൾ ആൻഡ് ശക്തർ ആണല്ലോ; M. N. Kaul & S. L. Shakdher- Practice and Procedure of Parliament, Edition-7, chapter-11, page 306-ൽ ഇത്തരം കാര്യങ്ങൾ വിശദമായി പറയുന്നുണ്ട്. അതിലെ ഒരു വാചകം മാത്രം സഭയിലെ എല്ലാ അംഗങ്ങളുടെയും ഓർമ്മയ്ക്കും അറിവിനുമായി ഇവിടെ ആവർത്തിക്കുന്നു.

" ...reflections on the character or impartiality of the Speaker in discharge of his duties as the Speaker of the House had been held to

constitute a breach of privilege and contempt of the House.” സഭയുടെ മഹത്തായ പാരമ്പര്യം കാത്തുസൂക്ഷിക്കേണ്ട ചുമതല എല്ലാവർക്കുമുണ്ട്. അത് കണക്കിലെടുത്തുകൊണ്ട് എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും പെരുമാറുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു.